## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1786** **11-10-2024 - ൽ മറുപടിയ്ക്ക്**

## ആറാട്ടുപുഴയിൽ പ്രവർത്തിക്കുന്ന സാന്ത്വന തീരം വയോജന മന്ദിരത്തിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ പ്രവർത്തിക്കുന്ന സാന്ത്വന തീരം വയോജന മന്ദിരത്തിൽ നിലവിൽ എത്ര അന്തേവാസികൾ ഉണ്ടെന്ന് അറിയിക്കാമോ; | (എ) | ആറാട്ടുപ്പുഴ പ്രവർത്തിയ്ക്കുന്ന സാന്ത്വന തീരം വയോജന മന്ദിരത്തിൽ നിലവിൽ 12 അന്തേവാസികളെ പാർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വയോജന മന്ദിരത്തിന്റെ അറ്റകുറ്റപ്പണിക്കായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് വയോജന കേന്ദ്രത്തിന്റെ സൂപ്രണ്ട് സമർപ്പിച്ചിട്ടുള്ളതെന്നും ഇതിന്മേൽ എന്ത് തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | സാമൂഹ്യനീതി വകുപ്പിന് കീഴിൽ ആലപ്പുഴയിൽ പ്രവർത്തിച്ചു വരുന്ന കിടപ്പുരോഗികളായ വയോജനങ്ങളുടെ സംരക്ഷണ കേന്ദ്രത്തിൽ രണ്ടാം ഘട്ട നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലാ നിർമ്മിതികേന്ദ്രം മുഖേന സെപ്റ്റിക്ക് ടാങ്ക് നിർമ്മാണത്തിനായി 3,90,000/- രൂപയുടെ എസ്റ്റിമേറ്റും, ട്രസ്സ് വർക്കിനായി 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുമാണ് സ്ഥാപന സൂപ്രണ്ട് സമർപ്പിച്ചിട്ടുള്ളത്.പ്രസ്തുത വർക്കുകളുടെ നിലവിലെ അവസ്ഥ ചുവടെ ചേർക്കുന്നു.<br><br>• സ്ഥാപനത്തിൽ അടിയന്തര പ്രാധാന്യത്തോടെ നടത്തേണ്ടുന്ന മേൽ വർക്കുകളിൽ ടെറസ് ട്രസ് വർക്ക്, വാട്ടർ ടാങ്കുകൾ ഉയർത്തൽ എന്നീ പ്രവർത്തികൾ നടത്തുന്നതിലേയ്ക്കായി 9,98,000/-രൂപ അനുവദിച്ചിട്ടുണ്ട്.(സാമൂഹ്യനീതി ഡയറക്ടറുടെ 07.08.2024-ലെ സാനിവ/4514/2024-പിസി3 നം ഉത്തരവ്).<br>• 2024 ജൂലായ് 27-ന് ചേർന്ന മാനേജ്മെന്റ് കമ്മിറ്റിയിൽ ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം സ്ഥാപനത്തിന്റെ സെപ്റ്റിക്ക് ടാങ്ക് നിർമ്മാണം ടി പി സി കായംകുളത്തിന്റെ സി എസ് ആർ ഫണ്ടിൽ നിന്നും തുക ലഭ്യമാക്കി നടത്തുന്നതിനുള്ള നടപടികൾ നടന്നു വരുകയാണ് എന്നുള്ള വിവരം ആലപ്പുഴ ജില്ലാ സാമൂഹ്യനീതി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>• വയോജനങ്ങൾക്കുള്ള സംരക്ഷണ കേന്ദ്രത്തിൽ സോളാർ പാനൽ |

| | | | |
|---|---|---|---|
| | | | സ്ഥാപിയ്ക്കുന്നതിനായി അനെർട്ടിന്റെ പഠന റിപ്പോർട്ട് പ്രകാരം ഫണ്ട് അനുവദിയ്ക്കുന്നതിനുള്ള പ്രൊപ്പോസൽ ആലപ്പുഴ ജില്ലാ സാമൂഹ്യനീതി ഓഫീസർ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതിയ്ക്കായി 5,07,700/- രൂപയാണ് ആവശ്യമായുള്ളത്. അനെർട്ടിന്റെ പ്രസ്തുത സോളാർ പാനൽ സ്ഥാപിയ്ക്കുന്നതിനായുള്ള പ്രൊപ്പസലിന്മേൽ നടപടികൾ സ്വീകരിച്ചു വരികയാണ്.<br>• ആറാട്ടുപുഴ വയോജനങ്ങളുടെ സംരക്ഷണകേന്ദ്രത്തിന്റെ പ്രാരംഭഘട്ട പ്രവർത്തനത്തിനായി 16,34,086/- രൂപ ആലപ്പുഴ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സാമൂഹ്യനീതി ഡയറക്ടർ അനുവദിച്ചിട്ടുണ്ട്. ടി തുകയിൽ നിർമ്മിതി കേന്ദ്രം മുഖാന്തരം നടത്തിയ അറ്റകുറ്റപ്പണി നടത്തിയ വകയിലുള്ള 6,76,249/- രൂപ കൂടി ഉൾപ്പെടുന്നു. |
| (സി) | ഇതുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി ഡയറക്ടേറ്റിലുള്ള ഫയലിന്റെ വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | • സ്ഥാപനത്തിൽ ടെറസ് ട്രസ് വർക്ക്, വാട്ടർ ടാങ്കുകൾ ഉയർത്തൽ എന്നീ പ്രവർത്തികൾ നടത്തുന്നതിലേയ്ക്കായി 9,98,000/-രൂപ അനുവദിച്ചിട്ടുണ്ട്. (ഫയൽ നം. സാനിവ/4514/2024-പിസി3)<br>• സെപ്റ്റിക്ക് ടാങ്ക് നിർമ്മാണം-(ഫയൽ നം. സാനിവ/4514/2024-പിസി3)<br>• സോളാർപാനൽ- (ഫയൽ നം. സാനിവ/4516/2024-പിസി3)<br>• സ്ഥാപനത്തിന്റെ പ്രാരംഭ ഘട്ട പ്രവർത്തനം-(ഫയൽ നം. SJD/321/2020-G2) |

സെക്ഷൻ ഓഫീസർ